പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2895 20-7-2011-ന് മറുപടിക്ക്

## ആലപ്പുഴ നഗരത്തിലെ യാത്രാക്ലേശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.സുധാകരൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി.<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| ആലപ്പുഴ നഗരത്തിൽ ടാർ മിക്സിംഗിന് സ്ഥലം ലഭ്യമല്ല എന്നു പറഞ്ഞ് മാസങ്ങളായി കരാറുകാർ റോഡുപണി ചെയ്യാത്തതു കാരണം യാത്രാക്ലേശം അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ നഗരസഭയെ സഹായിക്കുമോ? | ഉണ്ട്. ആലപ്പുഴ നഗരത്തിന്റെ വിവിധ റോഡുകളായ വലിയചുടുകാട് മുക്ക് മുതൽ വഴിച്ചേരി പാലം വരെയും ബീച്ച് മുതൽ കല്ലുപാലം വരേയും, കല്ലുപാലം മുതൽ പ്രൈവറ്റ് ബസ്സ്റ്റാന്റ് വരെയും റോഡ് പണി ചെയ്യുന്നതിന് സാധന സാമഗ്രികൾ സ്റ്റോക്ക് ചെയ്യുന്നതിനും ടാർ മിക്സിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനും നഗരസഭ വക വലിയ ചുടുകാട് ഗ്രൗണ്ട് അനുവദിച്ചു നൽകണമെന്ന് കരാറുകാരനായ കായംകുളം വലംചിറ പുതിയവിള സ്നേഹാലയത്തിൽ ശ്രീ.കെ.ഭാസ്കരൻ അപേക്ഷ നൽകിയിട്ടുള്ളതിന്റെയടിസ്ഥാനത്തിൽ 20-6-2011 മുതൽ 19-6-2011 വരെ ഗ്രൗണ്ട് അനുവദിച്ച് നൽകിയിട്ടുള്ളതാണ്. എന്നാൽ അനുവദിച്ച സമയത്തിനകം ടാർ മിക്സിംഗ് യൂണിറ്റിന്റെ പണി പൂർത്തീകരിച്ച് റോഡിന്റെ പണി തുടങ്ങുവാൻ സാധിച്ചിട്ടില്ല എന്നും ആയതിനാൽ രണ്ട് മാസത്തേക്ക് കൂടി ടി ഗ്രൗണ്ട് അനുവദിച്ച് നൽകണമെന്ന് ടിയാൻ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ 1-7-2011 മുതൽ 31-8-2011 വരെ ഗ്രൗണ്ട് നൽകിയിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ